# CHAPTER-4

**സ്വയം ഒരുങ്ങേണ്ട സഭ ചെയ്യേണ്ട രണ്ട് കാര്യങ്ങൾ നമ്മുടെ ശ്രദ്ധയിലുണ്ടാകേണ്ടതാണ്.**

(1) സ്വയം കാട്ടിക്കൊടുക്കുക, പഠിപ്പിക്കുക. ഇതിന് യഥാർത്ഥ മാതൃക യേശുതന്നെയാണ്.

(2) കപടഭക്തിയിൽ നിന്ന് പുറത്ത് വരിക. അതായത് യഹോവ വെറുക്കുന്ന വ്യാജഭാവം ഉപേക്ഷിക്കുക.

എപ്രകാരം സഭയാം മണവാട്ടി ഈ കാര്യങ്ങൾ പ്രാവർത്തികമാക്കുമെന്ന് ശൂലേമിയുടെ ജീവിതത്തിൽ നിന്ന് പഠിക്കാം.

പ്രലോഭകരായ യെറുശലേം പുത്രിമാരുടെയും സ്തുതി പാഠകരുടെയും നടുവിലായ ശൂലേമിയെ വീഴ്ത്തുവാൻ അവർക്കാർക്കും കഴിഞ്ഞില്ല. എന്നാൽ ബാഹ്യസൗന്ദര്യം പ്രകീർത്തിയ്ക്കുന്ന ശലോമോന്റെ വാക്കുകൾക്കും അവളെ വീഴ്ത്തുവാൻ കഴിഞ്ഞില്ല. ലോകം എപ്പോഴും ബാഹ്യസൗന്ദര്യം ശ്രദ്ധിക്കുന്നു. എന്നാൽ വചനം പറയുന്നത് ശ്രദ്ധിക്കുക.

Read (1 ശമു: 16:7)

ശൂലേമിയെ വർണ്ണിക്കുന്ന ശലോമോന്റെ വാക്കുകളിൽ നിന്ന് സഭയാം മണവാട്ടി സ്വയം ഒരുങ്ങുന്നതിനെപ്പറ്റി നമുക്ക് പഠിക്കാം.

(1) **കണ്ണ്** - മൂടുപടത്തിനുള്ളിലാണ് കണ്ണ്. മൂടുപടം ഇട്ട മണവാട്ടി തനിക്ക് ഒരു പ്രീയനുണ്ടെന്ന് വിളിച്ചുപറയുന്നു. മൂടുപടം ഇടുന്നില്ലെങ്കിൽ അത് പ്രീയനെ അപമാനിക്കുന്നതിന്ന് തുല്യമാണ്. ഉല്പ: (24:65)ൽ യിസഹാക്കിനെ കണ്ടപ്പോൾ റിബേക്ക മൂടുപടമിട്ടു . പ്രാവിന്റെ കണ്ണ് ആർദ്രത, നിഷ്ക്കളങ്കത്വം, വിനയം ശാന്തത ഈ ഗുണങ്ങളോടു കൂടിയതാണ്. സഭയാം മണവാട്ടിയുടെ കണ്ണ് ആത്മീക ദർശനം നഷ്ടപ്പെടാത്തതാകണം. അവൾ ദൈവത്തിനും ദൈവീകപ്രമാണങ്ങൾക്കും തന്റെ പ്രാണപ്രീയനും വിധേയ ആണ്.

(2) **തലമുടി**- ശൂലേമിയുടെ മുടി ഗിലെയാദ് മലഞ്ചരിവിലെ മേച്ചിൽപ്പുറത്ത് കാണുന്ന പുഷ്ടിയുള്ള കറുത്തകോലാട്ടിൻ നിരകളോട് ഉപമിച്ചിരിക്കുന്നു. മുടി ആത്മശക്തിയുടെയും, ആത്മാവിനാൽ ആവരണം ചെയ്യപ്പെട്ട അവസ്ഥയ്ക്കും സദൃശ്യമാണ്. സഭയുടെ സൗന്ദര്യം അവളിലുള്ള ആത്മാവിന്റെ സാന്നിദ്ധ്യമാണ്. (ന്യായാ:16:19)ൽ തലമുടി നഷ്ടമായ ശിംശോൻ ഒന്നുമില്ല. ആത്മാവിനാൽ ആവരണം ചെയ്യപ്പെട്ടില്ല എങ്കിൽ സഭയും ഒന്നമില്ല.

(3) **പല്ല്-** ശരീര സംരക്ഷണത്തിനായി രോമം കത്രിച്ച ശേഷം കുളിച്ചുകയറിവരുന്ന ആടുകളെപ്പോലെയാണ് അവളുടെ പല്ല് ഇരിക്കുന്നത് ഹൃദയത്തിലുള്ള സന്തോഷത്തിന്റെ പ്രകടനമാണല്ലോ ചിരി. ചിരിച്ചപ്പോൾ പല്ല് ശുദ്ധവും വെളുപ്പ് നിറമുള്ളതുമായി കണ്ടു. ഇത് സഭയുടെ സന്തോഷസമൃദ്ധിയെ കാണിക്കുന്നു. യജമാനനുമുൻപിൽ സ്നാനത്തിന് സ്വയം സമർപ്പിച്ച ദൈവ പൈതൽ ശക്തയാണ്. എന്നാൽ ലോകക്കാർക്ക് വൈരുപ്യമുള്ളവളാകാം. എന്നാൽ ഇരട്ട പ്രസവിക്കുന്ന ആടുകളെപ്പോലെ അവൾ ഇരട്ടി അനുഗ്രഹത്തിന് യോഗ്യയാണ്.

Read യെശ : 61:7). പല്ലുകൾ ഭക്ഷണം ചവയ്ക്കുവാനുള്ളതാണ്. ആത്മീകർക്ക് സഭ കട്ടിയുള്ള ഭക്ഷണം (ആഴമേറിയ ഉപദേശം) നൽകണം.Read എബ്രാ 5:12-14.

(4) **അധരം, വായ്** (4:3,11)

സ്തോത്രയാഗമർപ്പിക്കുന്ന അധരം വന്ധ്യമല്ല. അനുഗ്രഹിക്കപ്പെട്ടതാണ്. ചുവപ്പുനിറമുള്ള അധരം രക്ത നിറത്തിന് തുല്യമാണ്. eg (1) പെസഹയുടെ രാത്രി (പുറ:12:7, 21-23) (2) വേശ്യാസ്ത്രീയുടെ കുടുംബത്തിന്റെ രക്ഷയ്ക്കുപയോഗിച്ച് ചുവപ്പ് നാട-(യോശുവ 2:18,21,6:22 വീണ്ടെടുപ്പിന്റെ സന്ദേശം വിളിച്ചറിയിക്കുന്നതാകണം സഭയാം മണവാട്ടിയുടെ അധരം. Read കൊലോ 4:6 എഫേ:4:15.

5, ചെന്നികൾ- മണവാട്ടിയുടെ ചെന്നികൾ മാതളപ്പഴത്തിന്റെ ഖണ്ഡംപോലെ അനേകഫലങ്ങളുടെ രസം പകരുന്നു . മൂടുപടത്തിനുള്ളിലാണെങ്കിലും അവളുടെ കാതുകൾ അവർക്കും തന്നെ ശ്രദ്ധിക്കുന്നവർക്കും ജീവൻ നൽക്കുന്ന വചനം പ്രദാനം ചെയ്യുന്നു. സഭയാം മണവാട്ടിയുടെ ചിന്തകൾ ആത്മചൈതന്യം പകരുന്നതാകണം. ശൂലേമിയെ  വീഴ്ത്തുക എന്ന ചിന്തയോട് അവളെ വലം വയ്ക്കുന്ന ശലോമോനെപ്പോലെ, ശത്രുവായ പ്രതിയോഗിയായ സാത്താൻ ദൈവസഭയെ വലം വയ്ക്കുമെന്ന് മറക്കരുത് അവന്റെ തന്ത്രത്തിൽ വീഴുകയുമരുത്. സഭയാം മണവാട്ടിയേ ജാഗ്രതയോടെ ഇരിക്കുക.

6, കഴുത്ത്(4:4)- ശൂലേമിയുടെ കഴുത്തിനെ ആയിരം പരിച തൂക്കിയിട്ടിരിക്കുന്ന ദാവീദിന്റെ ഗോപുരത്തോട് ഉപമിക്കുന്നു. കഴുത്ത് ഇരുമ്പ് ഞരമ്പുള്ളത് എന്ന് പറയുമ്പോൾ അചഞ്ചലത്വത്തെ കാണിക്കുന്നു. ആയുധശാലയിലെ മുർച്ചയുള്ള ആയുധശേഖരം ശത്രുവിനുനേരേ ഉപയോഗിപ്പാനാണ്. ദൈവവചനമാകുന്ന മൂർച്ചയുള്ള ആയുധം പരിശുദ്ധാത്മ ശക്തിയോടും അധികാരത്തോടും ദൈവപൈതൽ ഉപയോഗിക്കണം. സഭയാം മണവാട്ടി വിശ്വാസമാകുന്ന പരിചയേന്തി ശത്രുവിന്റെ തീയമ്പുകളുടെ മുനതകർക്കുക. ക്രിസ്തുവും തന്റെ പ്രതിയോഗിയെ ജയിച്ചത് ദൈവത്തിന്റെ വായിൽ നിന്നും പുറപ്പെട്ട ദൈവവചനത്താലായിരുന്നു. (മത്താ:4:3)

Also Look റോമർ-10:8,17 1 തിമൊ 4:6 , 2 തിമൊ 1:13

7, മാറിടം- മണവാട്ടി മായമില്ലാത്തപാൽ വഹിക്കുന്നവൾ ആകണം. വചനമെന്ന മായമില്ലാത്ത പാൽ ചുരത്തുവാൻ കഴിവുള്ളവർ ശക്തയും സുന്ദരിയും ആണ്. മാത്രമല്ല ആത്മീയ ശിശുക്കൾക്ക് ആവശ്യമായ പാൽ സഭയാം സംഭരണിയിൽ നിന്ന് ലഭിക്കുകയും അത് അവരുടെ വളർച്ചയെ സഹായിക്കുകയും ചെയ്യുന്നു.

സഭയാം മണവാട്ടിയുടെ സപ്തസൗന്ദര്യങ്ങൾ കണ്ടതിനുശേഷം അവൾ വിടേണ്ട സ്ഥലങ്ങൾ ഏതെല്ലാമെന്ന് പറയുന്നു. .-Look ഉത്ത:(4:8) ശൂലേമിയുടെ ദൃശ്യസൗന്ദര്യത്തെ ശലോമോൻ വർണ്ണിക്കുമ്പോഴും അവളുടെ ഉള്ളിൽ ആടുകളെ മേയിക്കാൻ ലെബാനോനിലും,ഹെർമ്മോർ കൊടുമുടി

യിലും അമാനാമുകളിലും, ശെനീർ പർവ്വതങ്ങളിലും സാധാരണ പോകാറുള്ള അവളുടെ പ്രാണപ്രിയൻ ആയിരുന്നു. അതായത് ശാരീരികമായ് ഒരു ദൈവപൈതൽ ഇഹത്തിൽ വസിച്ചാലും മാനസികമായും പരലോകത്തിലെ ആനന്ദാനുഭവത്തിലായിരിക്കും

എന്തുകൊണ്ടാണ് ശലോമോൻ അവളുടെ സ്നേഹം ആഗ്രഹിക്കുന്നത് എന്ന് 4:10,11 വാക്യങ്ങളിൽ കാണാം സഭയാം മണവാട്ടിയെ ലോകമനുഷ്യർ ആഗ്രഹിക്കുന്ന സൗന്ദര്യത്തിലല്ല കാണേണ്ടത്. ആത്മലഹരി അവളിൽ കാണണം. കൂടാതെ വചനമാക്കുന്ന മുത്ത് കോർത്ത് അണിഞ്ഞതാകണം അവളുടെ കഴുത്തിലെ മാല. പാലും തേനും രുചിവരുത്തിയ ഇമ്പമുള്ള വാക്കുകളാകണം മണവാട്ടിയുടെ നാവിൽ നിന്ന് പുറപ്പെടേണ്ടത്.

സഭയാം  തോട്ടം കെട്ടിയടച്ചതാണ്. അതായത് ഈ തോട്ടം ഉടമസ്ഥന്റെ സംരക്ഷണത്തിലാണ്. രണ്ടാമതായി സഭയാം തോട്ടം ഒരു നീരുറവ ആയിരിക്കേണം. ഈ ഉറവ കേടാകാതെ, കേടാക്കാതെ അടച്ച് സൂക്ഷിക്കുന്നു. സഭ വറ്റിപോകാത്ത ഒരു കിണർ ആണ്. ഈ തോട്ടത്തിൽ സുഗന്ധവർഗ്ഗങ്ങൾ ധാരാളമുണ്ട്. അതായത് ഈ തോട്ടത്തിലെ വർദ്ധനവ് ആത്മീയ സുഗന്ധം പരത്തുന്നു. ആത്മനിറവിലുള്ള സ്തുതിഗീതം , പ്രാർത്ഥന ഇവ സഭയിലെ ആത്മീക വർദ്ധനവിനെ കാണിയ്ക്കുന്നു.സഭയാം തോട്ടം നല്ലതാകുവാൻ വചനമാകുന്ന വിത്ത് വിതയ്ക്കുക. നല്ല തൈകൾ വളരട്ടെ. ദൈവമക്കളാക്കുന്ന നല്ല തൈകളാൽ സഭ നിറയട്ടെ. സഭയാം മണവാട്ടിയെ നോക്കി മണവാളൻ സന്തോഷിക്കട്ടെ.

*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg